I ഇ.ബി. XIV - കേരള നിയമസഭ /X-13

# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 മാർച്ച് 19, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

ബാറുകൾ തുറക്കാൻ അനുമതി

മി. സ്പീക്കർ: ചട്ടം 52(5)-ന് വിരുദ്ധമായ ചില പരാമർശങ്ങൾ ഇന്ന് നൽകിയിട്ടുള്ള അടിയന്തര പ്രമേയത്തിന്റെ വിശദീകരണക്കുറിപ്പിലുണ്ടെന്ന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി എഴുതി നൽകുകയും ചെയർ അക്കാര്യം പരിശോധിച്ചപ്പോൾ സത്യമുണ്ടെന്ന് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പൊതുസമൂഹം

ശ്രദ്ധിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുന്ന ഒരു വിഷയമായതിനാലും പ്രതിപക്ഷത്തിന്റെ അവകാശമായതിനാലും ഊഹാപോഹങ്ങളും ആരോപണങ്ങളും പ്രമേയാവതരണത്തിൽ പാടില്ലെന്ന ചട്ടം ഓർമ്മപ്പെടുത്തിക്കൊണ്ട് അനുമതി നൽകുകയാണ്.

കോടതി വിധികളുടെ മറവിൽ പതിനായിരത്തിന് മേൽ ജനസംഖ്യയുള്ള പഞ്ചായത്തുകളിൽ ബാറുകൾ തുറക്കാൻ അനുമതി നൽകാനും ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽനിന്നും ബാറുകൾക്കുള്ള ദൂരപരിധി കുറയ്ക്കാനും ഗവൺമെന്റ് കൈക്കൊണ്ട തീരുമാനങ്ങൾമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. കെ. സി. ജോസഫ്, പി. കെ. ബഷീർ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): മദ്യവ്യവസായത്തിന്റെ കാര്യത്തിൽ സുപ്രീംകോടതി വിധി പാലിച്ചുകൊണ്ടുള്ള സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. ബാറുകൾ അനുവദിക്കുന്നതിന് പതിനായിരത്തിനുമേൽ ജനസംഖ്യയുള്ള പഞ്ചായത്തുകൾ എന്ന് നിർണ്ണയിച്ചത് കൂടുതൽ ഷാപ്പുകൾക്ക് അംഗീകാരം നൽകുന്നതിനോ പുതിയ ഷാപ്പുകൾ പ്രവർത്തനമാരംഭിക്കുന്നതിനോ വേണ്ടിയല്ല. മുൻഗവൺമെന്റുകളുടെ കാലത്ത്

പ്രവർത്തിച്ചുവന്ന ബാറുകൾ വിവിധ കോടതിവിധികളുടെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടേണ്ടിവരികയും സുപ്രീം കോടതി അത്തരം വിധികളിൽ കൂടുതൽ വ്യക്തത വരുത്തുകയും ചെയ്തിട്ടുണ്ട്. എത്ര ബാറുകൾ തുറന്ന് പ്രവർത്തിപ്പിക്കണമെന്നുള്ള തീരുമാനം സർക്കാർ ഇതുവരെ എടുത്തിട്ടില്ല. ഓരോ സ്ഥാപനത്തിന്റെയും അപേക്ഷ പരിശോധിച്ച് മാത്രമേ അക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. സംസ്ഥാനത്ത് മദ്യഷാപ്പുകൾ പ്രവർത്തിക്കുന്നതിന് ഒബ്ജക്ഷണബിൾ സൈറ്റ് തീരുമാനിക്കുകയും ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കോളനികൾ, ശ്മശാനങ്ങൾ എന്നിവയ്ക്ക് പ്രത്യേകമായ ദൂരപരിധി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. കള്ളുഷാപ്പുകൾക്കുള്ള ദൂരപരിധി 400 മീറ്ററും ഔട്ട്ലെറ്റുകൾക്കും ത്രീ സ്റ്റാർ, ഫോർ സ്റ്റാർ, ഫൈവ് സ്റ്റാർ ഹോട്ടലുകൾക്കുമുള്ള ദൂരപരിധി 200 മീറ്ററുമെന്ന നിബന്ധനയിൽ മാറ്റം വരുത്താൻ തീരുമാനിച്ചിട്ടില്ല. ആസ്സാം, മേഘാലയ, ബംഗാൾ എന്നീ സംസ്ഥാനങ്ങൾ സുപ്രീം കോടതിയെ സമീപിച്ച സന്ദർഭത്തിൽ സംസ്ഥാന ഗവൺമെന്റുകളുടെ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെടുകയും അതിൻപ്രകാരം അഭിപ്രായം പറയുകയും ചെയ്തിട്ടുണ്ട്. നോട്ടീസിൽ ഉന്നയിച്ചിട്ടുള്ള മറ്റ് ആരോപണങ്ങളെല്ലാം അടിസ്ഥാനരഹിതമാണ്.

<u>ശ്രീ. കെ. സി. ജോസഫ്</u>: ഇടതുമുന്നണിയുടെ പ്രകടന പത്രികയ്ക്ക് വിരുദ്ധമായി മദ്യത്തിന്റെ ലഭ്യത വർദ്ധിപ്പിച്ച് സംസ്ഥാനത്തെ മദ്യത്തിൽ മുക്കിക്കൊല്ലാനുള്ള

സർക്കാർ ശ്രമം ദൂരവ്യാപകമായ പ്രയാസങ്ങളുണ്ടാക്കുകയും വരുംതലമുറയെ നശിപ്പിക്കുന്നതിന് ഇടയാക്കുകയും ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ മദ്യത്തിന്റെ ലഭ്യത കുറച്ചുകൊണ്ടുവരാനാണ് ശ്രമിച്ചത്. ഈ സർക്കാർ പഞ്ചായത്തിൽ/ മുനിസിപ്പാലിറ്റിയിൽ ബാർ അനുവദിക്കുന്നതിനുള്ള തദ്ദേശ സ്ഥാപനങ്ങളുടെ അധികാരം എടുത്തുകളയുകയും ബാർ ലൈസൻസിന് ഫൈവ് സ്റ്റാർ പദവി വേണമെന്നത് ത്രീ സ്റ്റാറായി ചുരുക്കുകയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ എന്നിവയുമായുള്ള ദൂരപരിധി കുറയ്ക്കുകയും ചെയ്തിരിക്കുകയാണ്. ദേശീയ സംസ്ഥാന പാതകളുടെ 500 മീറ്റർ പരിധിക്കുള്ളിൽ മദ്യശാലകൾ പാടില്ലെന്ന് സുപ്രീംകോടതി വിധി പുറപ്പെടുവിച്ചപ്പോൾ ബാർ ഉടമകളെ സഹായിക്കാൻവേണ്ടി സർക്കാർ സുപ്രീം കോടതിയിൽ അഫിഡവിറ്റ് കൊടുക്കുന്ന നിലപാടാണ് സ്വീകരിച്ചത്. ബാർ ഉടമകളെ ഭയപ്പെടുന്ന സർക്കാർ ബാർ ലൈസൻസ് അനുവദിക്കുന്ന കാര്യത്തിൽ നഗര പ്രദേശങ്ങൾക്ക് കൊടുത്ത ആനുകൂല്യം പഞ്ചായത്തുകൾക്കും നൽകണമെന്ന് സുപ്രീംകോടതിയിൽ ആവശ്യപ്പെട്ടിരിക്കുകയാണ്. പുതിയ മദ്യഷാപ്പുകൾ അനുവദിച്ചുകൊണ്ട് എക്സൈസ് കമ്മീഷണർ പുറപ്പെടുവിച്ച ഉത്തരവ് നിലനിൽക്കുമ്പോഴാണ് സഭയെ തെറ്റിദ്ധരിപ്പിക്കുന്ന നിലപാട് മന്ത്രി സ്വീകരിച്ചിരിക്കുന്നത്. സർക്കാരും

മദ്യമുതലാളിമാരും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ട് സംശയം ജനിപ്പിക്കുന്നതാണ്. കേരളത്തിന്റെ ഭാവി തലമുറയെ ബാധിക്കുന്ന ഗുരുതരമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി രാമകൃഷ്ണൻ): ബാർ ലൈസൻസ് അനുവദിക്കുന്ന കാര്യത്തിലുള്ള വസ്തുതാപരമായ അവ്യക്തത വിഷയാവതരണത്തിൽ പ്രകടമായിരുന്നു. ഗവൺമെന്റിന്റെ നിലപാട് സത്യസന്ധമായതിനാൽ ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള ഉത്കണ്ഠ നേരിടേണ്ടിവരുന്നില്ല. മറ്റ് സംസ്ഥാന ഗവൺമെന്റുകൾ സമർപ്പിച്ച പെറ്റീഷനുമേൽ അഭിപ്രായം ആരാഞ്ഞപ്പോൾ മാത്രമാണ് കേരള ഗവൺമെന്റ് അഫിഡവിറ്റ് സമർപ്പിച്ചത്. സുപ്രീം കോടതി വിധിയെ മറികടക്കാനുള്ള ഒരു ശ്രമവും ഗവൺമെന്റ് നടത്തിയിട്ടില്ല. മദ്യവർജ്ജനവും ലഹരിമരുന്ന് വർജ്ജനവുമാണ് സർക്കാരിന്റെ ലക്ഷ്യം. മദ്യത്തിന്റെ ലഭ്യത കുറച്ചുകൊണ്ടുമാത്രം ആത്യന്തികമായ ലക്ഷ്യം നേടിയെടുക്കാൻ സാധിക്കുകയില്ല. മദ്യഷാപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കാനുള്ള യാതൊരു നടപടിയും സർക്കാർ സ്വീകരിച്ചിട്ടില്ല. ഇടതുമുന്നണിയുടെ മദ്യനയത്തിന്റെ ഭാഗമായി ത്രീസ്റ്റാർ ഹോട്ടലുകളിൽ വിദേശമദ്യം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ വിഭാഗങ്ങളുടെയും അഭിപ്രായങ്ങൾ പരിഗണിച്ച് കൂട്ടായ ആലോചനയിലൂടെയാണ് എൽ.ഡി.എഫ്.

മദ്യനയം രൂപപ്പെടുത്തിയിട്ടുള്ളത്. ജോലി നഷ്ടപ്പെട്ട തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ മുൻ സർക്കാർ പ്രഖ്യാപിച്ച പുനർജനി പദ്ധതി വിജയകരമായി നടപ്പാക്കി പ്രശ്നപരിഹാരത്തിനുള്ള നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്. ലഹരി ഉപയോഗത്തിൽ നിന്നും ജനങ്ങളെ രക്ഷിക്കുന്നതിനുള്ള 'വിമുക്തി' പദ്ധതി വിപുലപ്പെടുത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. മദ്യമുതലാളിമാരെ സഹായിക്കുന്നുവെന്ന പ്രതിപക്ഷ ആരോപണം തികച്ചും അടിസ്ഥാനരഹിതമാണ്. ഷാപ്പുടമകൾ നൽകുന്ന അപേക്ഷകളിന്മേൽ വിശദ പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രമേ തീരുമാനമെടുക്കു എന്നും പുതിയ ഷാപ്പുകൾ അനുവദിക്കില്ലെന്നുമാണ് പുതിയ ഉത്തരവ് സംബന്ധിച്ച് വ്യക്തമാക്കാനുള്ളത്. ഈ സാഹചര്യത്തിൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, കെ. എം. മാണി, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### (1) സ്വകാര്യവൽക്കരിക്കാനുള്ള നീക്കം

ശ്രീ. ഡി. കെ. മുരളി: കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡിനെ സ്വകാര്യവൽക്കരിക്കുന്നതിന് കേന്ദ്രസർക്കാർ തീരുമാനിച്ചിരിക്കുകയാണ്. രാജ്യത്താകെ 7 ഫാക്ടറികളുള്ള സ്ഥാപനത്തിൽ അയ്യായിരത്തോളം തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ഗർഭനിരോധന ഉറകൾ, ബ്ലഡ് ബാഗ്, ഗുളികകൾ, വാക്സിനുകൾ, ആശുപത്രി ഉപകരണങ്ങൾ, സ്കാനിംഗ്, രക്ത പരിശോധന തുടങ്ങി ആരോഗ്യ മേഖലയിലെ വിവിധ സേവനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതും ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതുമായ ഈ സ്ഥാപനത്തെ സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തിനെതിരെ പ്രമേയം പാസ്സാക്കുന്നതിനും കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മിനിരത്ന കമ്പനി വിഭാഗത്തിൽപ്പെടുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡിൽ അയ്യായിരത്തോളം തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. 1966-ൽ ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് എന്ന പേരിൽ ആരംഭിച്ചതും പിന്നീട് ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡ് എന്ന് പുനർനാമകരണം ചെയ്തതുമായ സ്ഥാപനത്തിന് 19 ഏക്കറോളം സ്ഥലം കേരള

സർക്കാർ സൗജന്യമായി നൽകിയിട്ടുണ്ട്. ലാഭത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തെ സ്വകാര്യവൽക്കരിക്കാനുള്ള നീക്കം ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് കത്തയച്ചെങ്കിലും കമ്പനിയുടെ മുഴുവൻ ഓഹരികളും വിറ്റഴിക്കാനുള്ള നടപടികളുമായി കേന്ദ്രസർക്കാർ മുന്നോട്ടുപോകുകയാണ്. ഈ നടപടി പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. സർക്കാർ ഭൂമി ലഭ്യമാക്കുന്നതിനും നികുതി ഇളവ് നൽകുന്നതിനും പ്രവർത്തനമൂലധനത്തിന് സർക്കാർ ഗ്യാരന്റി നൽകുന്നതിനും തയ്യാറാണെന്ന് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടും ഇക്കാര്യത്തിൽ അനുകൂല പ്രതികരണം ഉണ്ടായിട്ടില്ല. ഇതിനെതിരെ പ്രമേയം പാസ്സാക്കുന്നത് സംബന്ധിച്ച് ആലോചിക്കുന്നതാണ്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽത്തന്നെ നിലനിർത്തുന്നതിന് ശക്തമായ ഇടപെടൽ സർക്കാർ നടത്തിവരുന്നുണ്ട്.

(2) <u>അടിസ്ഥാന സൗകര്യങ്ങളുടെയും ജീവനക്കാരുടെയും അപര്യാപ്തത</u>

<u>ശ്രീ. പി. ഉബൈദുള്ള</u>: സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ അടിസ്ഥാന സൗകര്യങ്ങളുടെയും ജീവനക്കാരുടെയും അപര്യാപ്തതമൂലം പ്രയാസമനുഭവിക്കുകയാണ്. എല്ലാ സർക്കാർ ആശുപത്രികളിലും ആധുനിക സൗകര്യങ്ങളൊരുക്കുന്നതിനും മെഡിക്കൽ കോളേജ് ആശുപത്രികളിൽ ട്രോമാ

കെയർ യൂണിറ്റുകൾ ആരംഭിക്കുന്നതിനും മലപ്പുറം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. കാലാനുസൃതമായി ഏകീകൃത പൊതുജനാരോഗ്യ നിയമം രൂപീകരിക്കുകയും ആശുപത്രികളെ രോഗീ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ആവശ്യമായ ഡോക്ടർമാരെയും പാരാമെഡിക്കൽ ജീവനക്കാരെയും നിയമിക്കുകയും സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുകയും ചെയ്യണം. രോഗി, ഡോക്ടർ അനുപാതത്തിനനുസരിച്ച് ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കും വയോജനങ്ങൾക്കുമായി ആശുപത്രികളിൽ പ്രത്യേക ക്ലിനിക്കുകളും മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളും ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. ജീവിതശൈലീ രോഗങ്ങൾ, സാംക്രമിക രോഗങ്ങൾ, മാനസിക രോഗങ്ങൾ, ലഹരി മരുന്ന് ഉപയോഗം തുടങ്ങിയവയുടെ ചികിത്സയ്ക്കായി പ്രത്യേക സംവിധാനം ഏർപ്പെടുത്തണം. മലപ്പുറം ജില്ലയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയും ജനറൽ ആശുപത്രിയും പബ്ലിക് ഹെൽത്ത് ലാബിന്റെ പ്രവർത്തനവും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ മേഖലയിൽ

4271 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും രോഗീസൗഹൃദമാക്കുന്നതിനും ചികിത്സാ ചെലവ് കുറയ്ക്കുന്നതിനുമുള്ള പദ്ധതികൾ ആർദ്രം മിഷനിലൂടെ നടപ്പിലാക്കുന്നുണ്ട്. സംസ്ഥാനത്താകമാനം 66 പി.എച്ച്.സി.കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുകയും 10 കാത്ത് ലാബുകൾ അനുവദിക്കുകയും 44 താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് അനുവദിച്ചതിൽ 22 എണ്ണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളിൽ അടിസ്ഥാന അക്കാദമിക് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾ നടത്തുന്നതിനായി 147 പി.ജി. സീറ്റുകൾ ലഭ്യമാക്കുകയും അഞ്ച് മെഡിക്കൽ കോളേജുകളെ മിനി കാൻസർ കെയർ സെന്ററുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മലപ്പുറം ജില്ലയിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും 236 തസ്തികകൾ അനുവദിക്കുകയും മഞ്ചേരി മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിക്കും പബ്ലിക് ഹെൽത്ത് ലാബിനും പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

## III സബ്മിഷൻ

### (1) കുടിയൊഴിപ്പിക്കൽ പ്രശ്നം

ശ്രീ. എസ്. ശർമ്മ: വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയ്നർ ടെർമിനലിനുവേണ്ടി കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പട്ടയം, കുടിവെള്ളം, തൊഴിൽ, നഷ്ടപരിഹാരം തുടങ്ങിയവ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പുനരധിവാസ പാക്കേജിന്റെ പുരോഗതി നിരീക്ഷിക്കുന്നതിനും മുടങ്ങിക്കിടന്നിരുന്ന മോണിറ്ററിംഗ് കമ്മിറ്റി യോഗം എല്ലാ മാസവും നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

### (2) ഇടപ്പള്ളി തോടിന്റെ പുനരുദ്ധാരണം

ശ്രീ. പി. ടി. തോമസ്: തൃക്കാക്കര മുതൽ ചമ്പക്കര വരെയുള്ള ഇടപ്പള്ളി തോടിലെ കയ്യേറ്റം ഒഴിവാക്കി ഗതാഗതയോഗ്യമാക്കുന്നതിനും ടൂറിസം സാദ്ധ്യതകൾ പരിഗണിച്ച് തോട് സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഇടപ്പള്ളി തോടിന്റെ പുനരുദ്ധാരണത്തിന് ആറ് കോടി രൂപയുടെ നബാർഡ് ധനസഹായം ലഭിക്കുകയും 5.03 കോടി രൂപയുടെ പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ജല ഗതാഗത

തടസ്സം ഒഴിവാക്കുന്നതിനായി പാലങ്ങൾ പുനർനിർമ്മിക്കുന്നതിനും ഫീഡർ കനാലുകൾ നവീകരിക്കുന്നതിനുമുള്ള പദ്ധതിക്ക് ജലഗതാഗത വകുപ്പ് രൂപം നല്കിവരുന്നു.

(3) ജാതി സർട്ടിഫിക്കറ്റ്

ശ്രീ. കെ. ബാബു: എറവാളൻ സമുദായാംഗങ്ങൾക്ക് പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പാലക്കാട് ജില്ലയിലെ വിവിധ പഞ്ചായത്തുകളിലെ ഊരുകളിൽ അധിവസിക്കുന്ന എറവാളൻ സമുദായം എന്ന് അവകാശപ്പെടുന്ന വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ലെന്ന പരാതിയിൽ കിർത്താഡ്സ് നടത്തുന്ന പഠനത്തിന്റെ അന്തിമ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(4) സംവരണാനുകൂല്യം

ശ്രീ. സണ്ണി ജോസഫ്: ദളിത് ക്രൈസ്തവരുടെ സംവരണാനുകൂല്യങ്ങൾ ജനസംഖ്യാനുപാതികമായി വർദ്ധിപ്പിക്കുന്നതിനും വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പരിവർത്തിത ക്രൈസ്തവരെ ഒ.ഇ.സി. വിഭാഗത്തിൽ ഉൾപ്പെടുത്തി പട്ടിക ജാതിക്കാർക്ക് അനുവദനീയമായ വിദ്യാഭ്യാസാനുകൂല്യങ്ങളും ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ രണ്ട് ശതമാനവും മറ്റ് തസ്തികകളിൽ ഒരു ശതമാനവും സംവരണം നൽകുന്നതിനുപുറമേ കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ വഴി കുറഞ്ഞ പലിശ നിരക്കിലും ലളിതമായ തിരിച്ചടവ് വ്യവസ്ഥയിലും വായ്പ അനുവദിക്കുകയും ചെയ്യുന്നുണ്ട്. 2011-ലെ സാമൂഹ്യ-സാമ്പത്തിക സെൻസസിന്റെ സമുദായം തിരിച്ചുള്ള റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് സംവരണാനുകൂല്യങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ടോയെന്ന കാര്യം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

(5) കുടിവെള്ള പദ്ധതി

ശ്രീ. കെ. എൻ. എ. ഖാദർ: വേങ്ങര നിയോജകമണ്ഡലത്തിലെ കുന്നുംപുറം കുടിവെള്ള പദ്ധതിയുടെ മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനും പദ്ധതി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): കുന്നുംപുറം ശുദ്ധജല വിതരണ പദ്ധതിക്ക് 2013-ൽ 200 ലക്ഷം

രൂപയുടെ ഭരണാനുമതി നൽകുകയും ജലശുദ്ധീകരണശാല സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം കേരള വാട്ടർ അതോറിറ്റിക്ക് കൈമാറി പ്രവൃത്തി തുടങ്ങിയെങ്കിലും മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറുടെ പരാതിയുടെ അടിസ്ഥാനത്തിൽ പ്രവൃത്തി നിർത്തി വയ്ക്കുകയുണ്ടായി. 2015-ൽ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രവൃത്തിയുമായി മുന്നോട്ട് പോകാൻ തീരുമാനിച്ചെങ്കിലും മെഡിക്കൽ ഓഫീസർ പഴയ തീരുമാനത്തിൽത്തന്നെ ഉറച്ചു നിന്നതിനാൽ പുനരാരംഭിക്കാൻ കഴിഞ്ഞില്ല. പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ സ്ഥലം ലഭ്യമാക്കണമെന്ന ഗ്രാമപഞ്ചായത്തിന്റെ അഭ്യർത്ഥന പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ആരോഗ്യ വകുപ്പിൽത്തന്നെ നിലനിർത്തി 1.92 ഏക്കർ സ്ഥലത്ത് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന് അനുമതി നൽകാവുന്നതാണെന്ന് വേങ്ങര പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (6) അഖിലേന്ത്യാ ഏകോപിത ഗവേഷണ പ്രോജക്ടുകൾ

ശ്രീ. കെ. രാജൻ: കേരള കാർഷിക സർവ്വകലാശാലയിൽ ദേശീയ കാർഷിക ഗവേഷണ കൗൺസിലിന്റെ ധനസഹായത്തോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അഖിലേന്ത്യാ ഏകോപിത ഗവേഷണ പ്രോജക്ടുകൾ നേരിടുന്ന പ്രതിസന്ധി

പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): ദേശീയ കാർഷിക ഗവേഷണ കൗൺസിലിന്റെ കീഴിൽ 75 ശതമാനം ധനസഹായത്തോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അഖിലേന്ത്യാ ഏകോപിത ഗവേഷണ പ്രോജക്ടുകൾക്കുള്ള ഫണ്ട് കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചതിന്റെ ഫലമായി 42 അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ വെട്ടിക്കുറയ്ക്കുകയുണ്ടായി. സംസ്ഥാനത്ത് ജൈവകൃഷിക്ക് ഊന്നൽ കൊടുത്തുവരുന്ന സാഹചര്യം, കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് പ്രതികൂല സാഹചര്യങ്ങളെ നേരിടേണ്ട അവസ്ഥ, വിവിധ പ്രോജക്ടുകളുടെ പ്രാധാന്യം എന്നിവ കണക്കിലെടുത്ത് ഏകോപിത ഗവേഷണ പ്രോജക്ടുകൾ സംസ്ഥാന സർക്കാർ പൂർണ്ണമായും ഏറ്റെടുക്കുന്നത് സർവ്വകലാശാലയുടെ പദ്ധതിയേതര വിഹിതം അപര്യാപ്തമായ സാഹചര്യത്തിൽ ബുദ്ധിമുട്ടേറിയ കാര്യമാണെങ്കിലും വെട്ടിക്കുറച്ച പ്രോജക്ടുകൾ പുന:സ്ഥാപിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം നടത്തുന്നതാണ്.

## (7) റബ്ബർ ഇറക്കുമതി

ശ്രീ. പി. ജെ. ജോസഫ്: സ്വാഭാവിക റബ്ബറിന്റെ വിലയിടിവ് തടയുന്നതിനായി കപ്പ് ലമ്പ് റബ്ബർ (റബ്ബർ ചിരട്ടപ്പാൽ) ഇറക്കുമതി ചെയ്യുന്നതിനെതിരെ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിന് നടപടി

സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): രാജ്യാന്തര വിപണിയിൽ ഗുണനിലവാരം നിശ്ചയിച്ചിട്ടില്ലാത്ത റബ്ബർ ചിരട്ടപ്പാൽ ഇറക്കുമതി ചെയ്യുന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടയുടൻ അനുവാദം നൽകുന്നതിനെതിരെ കേന്ദ്ര മന്ത്രിക്ക് നിവേദനം നൽകുകയും റബ്ബർ ചിരട്ടപ്പാലിൽ മാലിന്യം അടങ്ങിയിട്ടുള്ളതിനാൽ രോഗങ്ങൾക്ക് കാരണമാകുമെന്നും ഇത് രാജ്യത്തെ ഉൽപ്പന്നങ്ങളുടെ ഗുണമേന്മയെ ബാധിക്കുമെന്ന് കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന കൃഷി വകുപ്പുമന്ത്രി കേന്ദ്ര വാണിജ്യകാര്യ വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ റബ്ബർ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.

(8) വെണ്ടുരുത്തി പാലം

ശ്രീ. ജോൺ ഫെർണാണ്ടസ്: വെണ്ടുരുത്തി പാലം പൈതൃക സ്വത്തായി സംരക്ഷിക്കുന്നതിനും ഗതാഗത തടസ്സം നീക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കാലപ്പഴക്കം ചെന്ന വെണ്ടുരുത്തി പാലത്തിൽ ബാർജ് ഇടിച്ചതുമൂലം തൂണുകൾക്ക് ബലക്ഷയം സംഭവിച്ചിട്ടുള്ളതിനാൽ വാഹന ഗതാഗതം നിരോധിക്കുകയും പുതിയ

പാലം നിർമ്മിച്ച് ഗതാഗതത്തിന് തുറന്നുകൊടുക്കുകയും ചെയ്തിട്ടുണ്ട്. സ്ട്രക്ചറൽ സ്റ്റെബിലിറ്റി സംബന്ധിച്ച് വിദഗ്ദ്ധ പഠനവും പരിശോധനയും ആവശ്യമായതിനാൽ പാലത്തിൽ വച്ചിട്ടുള്ള ക്രെയിനുകൾ നീക്കംചെയ്യാനും റെയിൽവേയ്ക്ക് നോട്ടീസ് കൊടുക്കാനും എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പാലം പൈതൃകസ്വത്തായി സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (9) <u>വേമ്പനാട് കായലിലെ എക്കൽ</u>

<u>ശ്രീ. എം. സ്വരാജ്</u>: കുമ്പളം, ഇടക്കൊച്ചി, പെരുമ്പടപ്പ് പ്രദേശങ്ങളിൽ എക്കൽ അടിയുന്നതുമൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നം പരിഹരിക്കുന്നതിനും ശാസ്ത്രീയമായി നീക്കം ചെയ്ത് വേമ്പനാട് കായൽ സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി <u>(ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ)</u>: എറണാകുളം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന വേമ്പനാട്ട് കായലിന്റെ വിസ്തൃതിയും ആഴവും കുറഞ്ഞിട്ടുണ്ട്. ഗാർഹിക-ഖര-സ്വീവേജ് കൃഷി മാലിന്യങ്ങളും മത്സ്യബന്ധന രീതികളും എക്കൽ നിക്ഷേപവും അശാസ്ത്രീയമായ നികത്തലുകളും ഡ്രെഡ്ജിംഗും കാരണം വേമ്പനാട്ട് കായലിന്റെ മത്സ്യസമ്പത്തിന് വൻഭീഷണിയുണ്ടാകുന്നുണ്ട്. എക്കൽ അടിഞ്ഞ് നീരൊഴുക്ക് കുറഞ്ഞുവരുന്ന കുമ്പളം, ഇടക്കൊച്ചി ഭാഗങ്ങളിലെ

കായൽ പ്രദേശത്തെ മത്സ്യ ആവാസ വ്യവസ്ഥയ്ക്ക് കോട്ടംതട്ടാത്ത രീതിയിൽ ശാസ്ത്രീയമായി ഡ്രെഡ്ജിംഗ് നടത്തി എക്കൽ നീക്കം ചെയ്യേണ്ടതുണ്ട്. ഫിഷറീസ് വകുപ്പിന് ഉൾനാടൻ ജലാശയത്തിൽ ഡ്രെഡ്ജിംഗ് നടത്തുന്നതിനുള്ള പദ്ധതികളോ ഫണ്ടോ നിലവിലില്ലാത്തതിനാൽ ജലസേചന വകുപ്പ്, ജലഗതാഗത വകുപ്പ്, ഉൾനാടൻ ജലഗതാഗത അതോറിറ്റി, മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പ്, വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് ഡ്രെഡ്ജിംഗിനുള്ള തുക സ്വരൂപിക്കേണ്ടതുണ്ട്. കൂടാതെ റാംസർ സൈറ്റിലുൾപ്പെട്ട ജലാശയമെന്ന നിലയിൽ ദേശീയ-അന്തർദ്ദേശീയ സ്ഥാപനങ്ങളിൽനിന്നും ഫണ്ട് ലഭ്യമാകുമോയെന്നും ആരായേണ്ടതുണ്ട്. ഡ്രെഡ്ജിംഗ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ വഴിയോ മറ്റ് സർക്കാർ സ്ഥാപനങ്ങൾ വഴിയോ ഡ്രെഡ്ജിംഗ് നടത്തുന്നതിനുള്ള സാദ്ധ്യതാ പഠനം നടത്തിയശേഷം പരിഹാരം കാണുന്നതിന് ഫിഷറീസ് വകുപ്പ് മുൻകൈ എടുക്കുന്നതാണ്.

## (10) മാങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ

ശ്രീ. ടി. വി. ഇബ്രാഹിം: കൊണ്ടോട്ടി മണ്ഡലത്തിലെ മാങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി മാതൃവിദ്യാലയത്തിലേയ്ക്ക് കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): മലപ്പുറം ജില്ലയിലെ മാങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ 2016-ൽ സർക്കാർ ഏറ്റെടുത്തെങ്കിലും മാതൃസ്ഥാപനത്തിൽ അദ്ധ്യയനം ആരംഭിച്ചില്ല. അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനസജ്ജമാക്കുന്നതിന് പുളിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് മലപ്പുറം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ 2018-19 അദ്ധ്യയന വർഷം മുതൽ കുട്ടികളെ മാതൃസ്ഥാപനത്തിൽ തിരികെ എത്തിച്ച് അദ്ധ്യയനം സുഗമമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ, ബന്ധപ്പെട്ട വിദ്യാഭ്യാസ അധികാരികൾ, മലപ്പുറം ജില്ലാകളക്ടർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## IV **മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## V **റിപ്പോർട്ട് സമർപ്പണം**

(1) 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി V-ന്റെ റിപ്പോർട്ട് സമർപ്പിച്ചു.

(2) ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിച്ചു.

## VI **ധനകാര്യം**

2018-2019 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXVII - സഹകരണം (573,33,28,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLII - വിനോദസഞ്ചാരം (467,73,18,000 രൂപ)

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIX - വൈദ്യുത പദ്ധതികൾ (194,87,95,000 രൂപ)

തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയേയും വൈദ്യുത പദ്ധതികൾ

എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

ശ്രീ. ബി. ഡി ദേവസ്സി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പരിസ്ഥിതി സന്തുലനവും പ്രാദേശിക സംസ്കാരത്തിന്റെ അടിസ്ഥാന സങ്കൽപ്പങ്ങളും നിലനിർത്തിക്കൊണ്ട് ടൂറിസം വികസിപ്പിക്കുക എന്നതാണ് ഈ സർക്കാരിന്റെ നയം. നവലിബറൽ നയങ്ങൾ സ്വീകരിക്കുന്ന കേന്ദ്ര സർക്കാരിന്റെ നീക്കത്തിനെതിരെ കേരള ബാങ്ക് രൂപീകരിച്ച് സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള ശ്രമം ശ്ലാഘനീയമാണ്. നോട്ട് നിരോധനത്തിന്റെ ഫലമായി തകർച്ച നേരിട്ട സഹകരണ മേഖലയെ രക്ഷിക്കുന്നതിനായി പ്രത്യേക നിയമസഭാ സമ്മേളനം വിളിച്ചുകൂട്ടുകയും ഏകകണ്ഠമായി പ്രമേയം പാസ്സാക്കുകയും ചെയ്ത നടപടി അഭിനന്ദനാർഹമാണ്. സാമൂഹ്യ സുരക്ഷാ പെൻഷൻ സഹകരണ സംഘങ്ങൾ വഴി ഗുണഭോക്താക്കളുടെ വീടുകളിലെത്തിക്കുന്ന പദ്ധതി നടപ്പിലാക്കിയതും ഹരിത കേരളം പദ്ധതിയുടെ ഭാഗമായി അഞ്ച് ലക്ഷം വൃക്ഷത്തൈകൾ നടുന്ന പദ്ധതി നടപ്പിലാക്കിയതും സ്വാഗതാർഹമാണ്. ഓഹരി മൂലധനം, വായ്പാ സബ്സിഡി എന്നിവ നൽകി പ്രാഥമിക സഹകരണ

സംഘങ്ങളെയും കൺസ്യൂമർഫെഡിനെയും വനിതാ എസ്.സി/എസ്.ടി. സംഘങ്ങളെയും ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു. കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ച് സുവർണ്ണ മസൂരി അരി കിലോയ്ക്ക് ഇരുപത്തിയഞ്ച് രൂപ നിരക്കിൽ വിൽപ്പന നടത്തിയത് മാതൃകാപരമാണ്. 'കേപ്പി'ന്റെ കീഴിലുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പുരോഗതിക്കായി 23.6 കോടി രൂപ ലഭ്യമാക്കി. കൃഷി വകുപ്പുമായി സഹകരിച്ച് എല്ലാ പഞ്ചായത്തുകളിലും കാർഷിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾ ആരംഭിച്ചു. കർഷക സേവന കേന്ദ്രങ്ങൾക്ക് ധനസഹായം നൽകി പ്രവർത്തനം വിപുലീകരിക്കുകയും കശുവണ്ടി സംഭരിച്ച് കശുവണ്ടി വികസന കോർപ്പറേഷന് നൽകുകയും ചെയ്തിട്ടുണ്ട്. നെല്ല്, പച്ചത്തൊണ്ട് സംഭരണം എന്നീ രംഗങ്ങളിൽ സഹകരണ മേഖല മികച്ച ഇടപെടലുകൾ നടത്തി. കൺസ്യൂമർഫെഡിനെ അഴിമതി വിമുക്തമാക്കിയതിലൂടെ 51 കോടി രൂപയുടെ പ്രവർത്തന ലാഭമുണ്ടാക്കാൻ സാധിച്ചു. സഹകരണ വായ്പാ സംഘങ്ങളുടെ സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തുകയും സഹകരണ കോൺഗ്രസിന്റെ കാലാവധി അഞ്ച് വർഷത്തിൽനിന്ന് മൂന്ന് വർഷമായി പുനർനിശ്ചയിക്കുകയും ട്രാൻസ്ജന്ററുകൾക്കായി പ്രത്യേക സഹകരണ സംഘം രൂപീകരിക്കുകയും ചെയ്തു.

കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണത്തിനായി പ്രത്യേക കൺസോർഷ്യം രൂപീകരിക്കുന്നതിനും അന്താരാഷ്ട്ര പുസ്തകോൽസവവും സാഹിത്യോൽസവവും സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു. കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാൻ തീരുമാനിച്ച നടപടി പ്രശംസനീയമാണ്. ചാലക്കുടി താലൂക്കിൽ എ.ആർ. ഓഫീസ് അനുവദിക്കുന്നതിനും പെരിങ്ങൽകുത്ത് ഹൈഡൽ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനും നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ക്വാർട്ടേഴ്സുകൾ നവീകരിച്ച് ടൂറിസ്റ്റുകൾക്ക് വാടകയ്ക്ക് നൽകുന്നതിനും കൊരട്ടിയിൽ 110 കെ.വി. സബ്സ്റ്റേഷനും ചാലക്കുടിയിൽ 220 കെ.വി സബ്സ്റ്റേഷനും ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീമതി സി. കെ. ആശ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ടൂറിസം മേഖലയിൽ സാധാരണ ജനവിഭാഗത്തെ ഉൾപ്പെടുത്തുകയും നേട്ടം അവർക്കുകൂടി ലഭ്യമാക്കുകയും ചെയ്യുന്ന വിധത്തിലുള്ള ടൂറിസം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കുന്നത്. യന്ത്രവൽകൃത ബോട്ടുകളെ സോളാർ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കണം. പരിസ്ഥിതി സൗഹാർദ്ദ ടൂറിസം വികസനത്തിന് ഊന്നൽ നൽകിയതും തദ്ദേശീയ വസ്തുക്കൾ വിപണനം ചെയ്യുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ ഒരുക്കിയതും പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തിയതും അഭിനന്ദനാർഹമാണ്. 2014-ലെ സഹകരണ

നിയമപ്രകാരം നിലവിലുള്ള ജീവനക്കാരുടെ പ്രൊമോഷൻ സാദ്ധ്യത 4:1 എന്നത് 1:1 എന്ന അനുപാതത്തിലേയ്ക്ക് കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കണം. വൈദ്യുതി മേഖലയിൽ വിവര സാങ്കേതിക വിദ്യ യാഥാർത്ഥ്യമാക്കിയത് രാജ്യത്തിന് മാതൃകയാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരള ബാങ്കുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. മുടങ്ങിക്കിടക്കുന്നതും അനുമതി ലഭിച്ചതുമായ വൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും സോളാർ വൈദ്യുതി, വിൻഡ് മിൽ എന്നിവ യാഥാർത്ഥ്യമാക്കുന്നതിനും ആദിവാസി ഊരുകളിലും മലയോര മേഖലകളിലും വൈദ്യുതി എത്തിക്കുന്നതിനും നടപടി സ്വീകരിക്കണം. ഇക്കോ ടൂറിസം, ഫാം ടൂറിസം എന്നിവ വികസിപ്പിക്കുന്നതിനും മണ്ണാർക്കാട്, സൈലന്റ്‌വാലി, ശിരുവാണി, കാഞ്ഞിരപ്പുഴ, പാത്രക്കടവ് പദ്ധതികൾ കൂടിച്ചേർന്നുള്ള ഇക്കോ ടൂറിസം സർക്യൂട്ട് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കടുത്ത പ്രതിസന്ധിയിലും ലോഡ് ഷെഡ്ഡിംഗ് ഇല്ലാതെ വൈദ്യുതി വിതരണം കാര്യക്ഷമമായി നടത്തിക്കൊണ്ടുപോകുന്നത് അഭിനന്ദനാർഹമാണ്. വൈദ്യുതി

ഉൽപ്പാദനത്തിലെ കുറവ് സംബന്ധിച്ച് പഠനവിധേയമാക്കേണ്ടതാണ്. വൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളെ അനുകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പെരിഞ്ഞാർകുറ്റി, ആനമലയാർ, മണലിയാർ, കുരിയാർകുറ്റി-കാരപ്പാറ എന്നീ ജലവൈദ്യുത പദ്ധതികൾ പ്രാവർത്തികമാക്കുകയും സോളാറിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള കുസുമ (Kisan Urja Suraksha Uttan Maha Abhiyaan) പദ്ധതി പ്രയോജനപ്പെടുത്തുകയും വേണം. കേന്ദ്രഗവൺമെന്റിൽ നിന്നുള്ള പദ്ധതി വിഹിതം നേടിയെടുക്കുന്നതിന് ശ്രമം നടത്തണം. സഹകരണ രംഗത്ത് സാങ്കേതികവും ഘടനാപരവുമായി മാറ്റം വരുത്തണം.

ശ്രീ. വി. ജോയി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകൾ ലഘൂകരിച്ചത് അഭിനന്ദനാർഹമാണ്. വിനോദസഞ്ചാര മേഖല പ്രധാനപ്പെട്ട ഒരു മേഖലയായി മാറുകയും റെസ്പോൺസിബിൾ ടൂറിസം നയം പ്രഖ്യാപിക്കുകയും ചെയ്തത് സ്വാഗതാർഹമാണ്. ശ്രീനാരായണ സർക്യൂട്ടിന്റെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടത്താനും ടൂറിസം വകുപ്പിന്റെ കൈവശമുള്ള ഭൂമി പ്രയോജനപ്പെടുത്താനും ടൂറിസ്റ്റ് സെന്ററുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കാനും നടപടി സ്വീകരിക്കണം. മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകുന്ന തരത്തിൽ സഹകരണനയം നടപ്പിലാക്കിയത് പ്രശംസനീയമാണ്.

ഇപ്പോൾ പത്ത് ശതമാനം മാത്രം നൽകി വരുന്ന കാർഷിക വായ്പകൾ 50 ശതമാനത്തിലേയ്ക്ക് എത്തിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. കേരള ബാങ്ക് രൂപീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. ഇൻകം ടാക്സ് സെക്ഷന്റെ 80(b)-യുടെ ആനുകൂല്യം എടുത്തുകളഞ്ഞതിന്റെ ഫലമായി കോടതിയിൽ നിലനിൽക്കുന്ന കേസ്സുകളിൽ അടിയന്തര ശ്രദ്ധയുണ്ടാകണം. സഹകരണ മേഖലയ്ക്ക് ദോഷം വരുത്തുന്ന രീതിയിൽ പ്രവർത്തിക്കുന്ന ഭരണസമിതികൾക്കും ജീവനക്കാർക്കുമെതിരെ കർശന നിലപാടെടുക്കാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. റോഷി അഗസ്റ്റിൻ: സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഊർജ്ജ പ്രതിസന്ധി മറികടക്കാൻ ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനും സൗരോർജ്ജ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനും നടപടി സ്വീകരിക്കണം. ചിന്നാർ പദ്ധതിയുടെ സ്ഥലമേറ്റെടുക്കൽ പ്രക്രിയകൾ ത്വരിതപ്പെടുത്തി പദ്ധതി യാഥാർത്ഥ്യമാക്കാനും ഇടുക്കി ജില്ലയിലെ പത്തുചെയിൻ പ്രദേശത്തെ ജനങ്ങൾക്ക് പട്ടയം ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. ഹൈഡൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും കുളമാവ്, അഞ്ചുരുളി പ്രദേശങ്ങളിൽ ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. ഇടുക്കി, ചെറുതോണി ഡാമുകൾ സ്ഥിരമായി തുറന്നുകൊടുക്കുന്നതിനും ബോട്ടിംഗിന് നിലനിൽക്കുന്ന തടസ്സം ഒഴിവാക്കുന്നതിനും സാധിക്കണം. റിമോട്ട് ടൂറിസത്തിന്റെ പ്രാധാന്യം മനസ്സിലാക്കി

അവ പ്രോത്സാഹിപ്പിക്കുന്നതിനും ടൂറിസം സാധ്യതകൾക്ക് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ആന്റണി ജോൺ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. രാജ്യത്തിനുതന്നെ മാതൃകയായ സഹകരണ മേഖലയെ കറൻസി നിരോധനത്തിന്റെ പേരിൽ ഇല്ലാതാക്കാൻ കേന്ദ്ര ഗവൺമെന്റ് ശ്രമിച്ചപ്പോൾ അതിനെതിരെ ഇച്ഛാശക്തിയോടെ പ്രവർത്തിക്കുന്നതിന് ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. പല സഹകരണ സ്ഥാപനങ്ങളും അഴിമതി വിമുക്തമാക്കുന്നതിനും കേരള ബാങ്കിന്റെ രൂപീകരണവുമായി മുന്നോട്ടുപോകുന്നതിനും സാധിച്ചു. ടൂറിസം മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും വൻതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഉത്തരവാദിത്വ ടൂറിസത്തിന് പ്രത്യേക പരിഗണന നൽകുന്നതിനും തദ്ദേശീയർക്കുകൂടി ടൂറിസത്തിന്റെ ഗുണം ലഭിക്കത്തക്ക രീതിയിലുള്ള നിലപാടുകൾ സ്വീകരിക്കുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്. ടൂറിസത്തിന്റെ വളർച്ചയ്ക്ക് വിഘാതമായി നിൽക്കുന്ന നടപടികളിൽ നിന്നും വനം വകുപ്പ് പിന്തിരിയണം. രാജ്യത്തെ ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമെന്ന പദവി കേരളത്തിന് നേടാൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്. പുതിയ പദ്ധതികളാവിഷ്കരിച്ചുകൊണ്ട് വൈദ്യുതി മേഖലയെ ജനകീയമാക്കി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

<u>ശ്രീ. പി. സി. ജോർജ്:</u> കേന്ദ്ര സഹായം ഉപയോഗപ്പെടുത്തി വാഗമൺ കേന്ദ്രീകരിച്ചുള്ള ടൂറിസം പദ്ധതികൾ വികസിപ്പിക്കുന്നതിന് നടപടിയുണ്ടാകണം. കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കണം. എരുമേലിയിലും മുണ്ടക്കയത്തും 110 കെ.വി. സബ്സ്റ്റേഷനുകളുടെ പണി പൂർത്തീകരിച്ചത് അഭിനന്ദനാർഹമാണ്.

<u>ശ്രീ. എസ്. രാജേന്ദ്രൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മുൻ സർക്കാരിന്റെ കാലത്ത് മുടങ്ങിക്കിടന്ന ജലവൈദ്യുത പദ്ധതികൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനും സോളാർ പദ്ധതികൾ നടപ്പിലാക്കുന്നതിനുമാണ് സർക്കാർ ശ്രമിക്കുന്നത്. ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമെന്ന പദവി നേടാൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്. ഡാമുകളുടെ പരിസരപ്രദേശങ്ങളിലും പുറമ്പോക്കുകളിലും ദീർഘകാലമായി താമസിക്കുന്ന കോളനി നിവാസികൾക്ക് പട്ടയം ലഭ്യമാക്കുന്നതിന് സർക്കാർ മുൻകയ്യെടുക്കണം. ഹൈഡൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും മാങ്കുളം പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം. സഹകരണ ബാങ്കുകളിൽ ദീർഘകാലമായി വായ്പാകുടിശ്ശികയുള്ളവരെ സഹായിക്കുന്നതിനാവശ്യമായ നടപടികളുണ്ടാകണം. മുൻ സർക്കാരിന്റെ കാലത്ത്

വൻനഷ്ടത്തിലായിരുന്ന കൺസ്യൂമർ ഫെഡിനെ മികച്ച പ്രവർത്തനങ്ങളിലൂടെ ലാഭകരമാക്കാൻ സർക്കാരിന് സാധിച്ചു. ഡി.ടി.പി.സി. ജീവനക്കാരെ സംരക്ഷിക്കുന്നതിനും മൂന്നാർ നീലക്കുറിഞ്ഞി ഉദ്യാനം സന്ദർശിക്കാനെത്തുന്നവർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും തയ്യാറാകണം.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വൈദ്യുതി രംഗത്ത് മുൻ യു.ഡി.എഫ്. സർക്കാർ ദീർഘവീക്ഷണത്തോടെയുള്ള തീരുമാനങ്ങളെടുത്തതുകൊണ്ടാണ് സംസ്ഥാനത്ത് ഈ വർഷം ലോഡ്ഷെഡിംഗും പവർകട്ടും ഒഴിവാക്കാൻ സാധിച്ചത്. മുടങ്ങിക്കിടക്കുന്ന ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കാൻ ഈ സർക്കാർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. കാസർഗോഡ് ജില്ലയിൽ സോളാർ പാർക്ക് സ്ഥാപിക്കാനുള്ള പദ്ധതിയെ ഈ ഗവൺമെന്റ് അട്ടിമറിക്കുകയാണ് ചെയ്തത്. വൻകിട മുതലാളിമാരിൽനിന്നും വൈദ്യുതി ചാർജ്ജിനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഗവൺമെന്റ് ആർജ്ജവം കാണിക്കണം. ഉദ്ദേശ്യലക്ഷ്യങ്ങളിൽനിന്നും വ്യതിചലിച്ചുകൊണ്ടാണ് സഹകരണ വകുപ്പ് മുന്നോട്ടുപോകുന്നത്. സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകൾക്ക് ലഭിക്കാനുള്ള കിട്ടാക്കടങ്ങൾ പിരിച്ചെടുക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. കേരള ബാങ്ക് രൂപീകരിക്കുന്നത് സംബന്ധിച്ച ഗവൺമെന്റ് നിലപാട് വ്യക്തമാക്കണം.

ശ്രീമതി ഇ. എസ്. ബിജിമോൾ: ധനാഢ്യർത്ഥനകളെ അനുകൂലിക്കുന്നു. വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിനും ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കിക്കൊണ്ട് ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനും ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങളിലൂടെ വൈദ്യുതി വകുപ്പിന് കഴിയുന്നുവെന്നത് അഭിമാനാർഹമാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച വിവിധ പദ്ധതികൾ യു.ഡി.എഫ്. ഗവൺമെന്റിന്റെ അനാസ്ഥമൂലം മുടങ്ങിപ്പോകുകയാണുണ്ടായത്. മുടങ്ങിക്കിടന്ന സബ്സ്റ്റേഷനുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയങ്ങളിലും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിലും വകുപ്പ് നടത്തിയിട്ടുള്ള ഇടപെടലുകൾ ശ്ലാഘനീയമാണ്. വൈദ്യുതി സുരക്ഷ ഉറപ്പാക്കുന്നതിനും ദിവസ വേതനാടിസ്ഥാനത്തിലും മറ്റും ജോലി ചെയ്യുന്നവർക്ക് അപകടം സംഭവിച്ചാൽ മെച്ചപ്പെട്ട രീതിയിൽ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. ഡൈവേർഷൻ ലൈനുകളിൽ അടിഞ്ഞുകൂടുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും പീരുമേട്ടിലെ ഡൈവേർഷൻ ലൈനും പാലവും റോഡും പുനർനിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം. കൃഷിക്ക് സൗജന്യ വൈദ്യുതി നൽകുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിന്മേൽ വകുപ്പുകളുമായി ചർച്ച നടത്തി പരിഹാരം കാണണം. ജനോപകാരപ്രദവും മാതൃകാപരവുമായ വിവിധ പദ്ധതികളുമായാണ് സഹകരണ

വകുപ്പ് മുന്നോട്ടുപോകുന്നത്. നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി സ്വാഗതാർഹമാണ്. തോട്ടം മേഖലകളിൽ ടൂറിസത്തിന് അനുവാദം നൽകുന്നതിനും ഭൂമിയിടപാടുകളിലെ പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും വിവിധ ഏജൻസികൾക്ക് നൽകിയിട്ടുള്ള ഡെപ്പോസിറ്റുകൾ തിരികെ വാങ്ങി മാതൃകാപരമായ രീതിയിൽ തുക വിനിയോഗിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. പി. ഉബൈദുള്ള: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരള ബാങ്ക് രൂപീകരണത്തിലൂടെ സഹകരണ പ്രസ്ഥാനത്തെ തകർക്കാനുള്ള സർക്കാരിന്റെ ശ്രമം അപലപനീയമാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ ബാങ്കുകളെയും സഹകരണ ഫെഡറേഷനുകളെയും പുനരുജ്ജീവിപ്പിക്കുന്നതിന് ഒരു നടപടിയും സ്വീകരിച്ചില്ല. സാധാരണക്കാർക്ക് ലഭ്യമായിക്കൊണ്ടിരുന്ന സഹായങ്ങൾ നിഷേധിച്ച് വൻകിട പദ്ധതികൾക്കും കോർപ്പറേറ്റുകൾക്കും വായ്പാ സംവിധാനം ഒരുക്കുകയാണ് കേരള ബാങ്ക് രൂപീകരണത്തിലൂടെ സർക്കാർ നടത്തുന്നത്. കേരള ബാങ്ക് രൂപീകരണത്തിലൂടെ സഹകരണ മേഖലയിൽ തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നതാണ്. സംസ്ഥാനത്തെ എല്ലാ ബാങ്കുകൾക്കുമായി കോമൺ നെറ്റ്‌വർക്ക് സംവിധാനം രൂപീകരിക്കുകയും സഹകരണ ബാങ്കുകളുടെ പ്രവർത്തന സമയം ഏകീകരിക്കുകയും ചെയ്യണം. മലപ്പുറം ജില്ലയിൽ വൈദ്യുതി

മേഖലയിൽ കൂടുതൽ സബ് സ്റ്റേഷനുകൾ അനുവദിക്കുന്നതിനും സംസ്ഥാനത്തൊട്ടാകെ ഒരു പഞ്ചായത്തിൽ ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. എ. എൻ. ഷംസീർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാമൂഹ്യ സുരക്ഷാ പെൻഷനുകളും കെ.എസ്.ആർ.ടി.സി. പെൻഷനും സഹകരണ ബാങ്കുകൾ മുഖാന്തരം വിതരണം ചെയ്യുന്നതും കേപ്-ന് NAAC അക്രെഡിറ്റേഷൻ ലഭ്യമാക്കാനും കൺസ്യൂമർ ഫെഡിനെ ലാഭത്തിലാക്കാനും സഹകരണ മേഖലയിൽ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിച്ചത് സർക്കാരിന്റെ നേട്ടങ്ങളാണ്. കേരള ബാങ്ക് യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു. സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ 'കൃതി' ഇന്റർനാഷണൽ ലിറ്ററി ഫെസ്റ്റ് സംഘടിപ്പിച്ചു. അരി വില നിയന്ത്രിക്കുന്നതിനും ന്യായവിലയ്ക്ക് മരുന്ന് ലഭ്യമാക്കുന്നതിനുംവേണ്ടി നീതി സ്റ്റോറുകളും നീതി മെഡിക്കൽ സ്റ്റോറുകളും കൂടുതലായി ആരംഭിച്ചു. കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുകയും വിവിധ ടൂറിസം പദ്ധതികൾക്ക് അനുമതി നൽകുകയും തലശ്ശേരി പൈതൃക ടൂറിസത്തിന് പുതു ജീവൻ നൽകുകയും ചെയ്തു. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ 9 നദികളെ കേന്ദ്രീകരിച്ചുകൊണ്ട് റിവർ ക്രൂയിസ് ടൂറിസം പദ്ധതി ആവിഷ്കരിക്കുകയും റെസ്പോൺസിബിൾ ടൂറിസം പദ്ധതി നടപ്പിലാക്കുകയും ചെയ്തു. ലിറ്ററി ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും ടെയ്ലർ

മെയ്ഡ് പോളിസികൾ രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കണം. കെ.എസ്.ഇ.ബി.യിൽ നിരവധി നിയമനങ്ങൾ നടത്തുകയും 132 മെഗാ വാട്ട് അധിക വൈദ്യുതി ഉല്പാദിപ്പിക്കുകയും മുടങ്ങിക്കിടന്ന വൈദ്യുത പദ്ധതികൾ പുനരാരംഭിക്കുകയും സോളാറിലൂടെ 100 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുകയും ആയിരം കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് പദ്ധതി ആരംഭിക്കുകയും ചെയ്തു.

<u>ശ്രീ. വി. ഡി. സതീശൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നത് സംസ്ഥാനത്തെ സഹകരണ മേഖല തകരുന്നതിന് ഇടയാക്കും. ലാഭത്തിൽ പ്രവർത്തിക്കുന്ന ജില്ലാ സഹകരണ ബാങ്കുകളെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുകവഴി ജില്ലാ സഹകരണ ബാങ്കുകളുടെ ബ്രാഞ്ചുകളും കാർഷിക മേഖലയ്ക്ക് നൽകിവരുന്ന സഹായങ്ങളും ഇല്ലാതാകും. കേരള ബാങ്ക് രൂപീകരണം നിയമപരമായ നിരവധി അവ്യക്തതകൾ നിറഞ്ഞതാണ്. ടൂറിസം മേഖലയിൽ പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനോ നിലവിലുള്ള പദ്ധതികൾ പരിപോഷിപ്പിക്കുന്നതിനോ സർക്കാരിന് കഴിഞ്ഞിട്ടില്ല. പരിസ്ഥിതിക്ക് ആഘാതം സൃഷ്ടിക്കുമെന്നതിനാൽ അതിരപ്പിള്ളി പ്രോജക്ട് നടപ്പാക്കുന്നതിൽനിന്നും സർക്കാർ പിന്തിരിയണം. എൻ.ആർ.എച്ച്.എം., വിദ്യാഭ്യാസ അവകാശം തുടങ്ങിയവ

നടപ്പിലാക്കുന്നതിനും കാർഷിക കടങ്ങൾ എഴുതിത്തള്ളുകവഴി കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സഹകരണ ബാങ്കുകൾ നോട്ട് നിരോധന കാലയളവിൽ നേരിട്ട പ്രതിസന്ധി സഹകരണ നിക്ഷേപ സമാഹരണ യജ്ഞത്തിലൂടെയും സഹകരണ സംഘങ്ങളുടെ വായ്പാകുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെയും പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ സുരക്ഷാ പെൻഷനും കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷനും സഹകരണ സംഘങ്ങളിലൂടെ വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്. ഓഖി ദുരന്തബാധിതർക്ക് സഹായമെത്തിക്കുന്നതിൽ നല്ല ഇടപെടൽ നടത്താൻ സഹകരണ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. പാലക്കാട് ജില്ലയിലെ നെൽകർഷകരെ സഹായിക്കുന്നതിനായി കൺസോർഷ്യം രൂപീകരിക്കുന്നതിനും നെല്ലിന്റെ വിളവെടുപ്പ് മുതൽ വിപണനം വരെയുള്ള പ്രവർത്തനങ്ങൾ സഹകരണ മേഖലയുടെ വിവിധ സംവിധാനങ്ങളിലൂടെ സ്വന്തം ബ്രാൻഡിൽ വിറ്റഴിക്കുന്നതിന് തീരുമാനമെടുക്കുന്നതിനും സാധിച്ചിട്ടുണ്ട്. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനും സഹകരണ പെൻഷൻകാരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞു. സഹകരണ

പരീക്ഷാ ബോർഡിന്റെ പ്രവർത്തനപരിധിയിൽ വായ്പേതര സഹകരണ സംഘങ്ങളെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടിയെടുക്കുന്നതിനും കേപ്പ്-ന്റെ കീഴിൽ പ്രവർത്തിക്കുന്ന കോളേജുകളെ സെന്റർ ഓഫ് എക്സലൻസ് ആക്കുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ ഫെഡറേഷന്റെ പ്രവർത്തനം വിപുലീകരിച്ച് ലാഭകരമാക്കുന്നതിനും ഉപഭോക്തൃ വിപണിയിൽ കൺസ്യൂമർ ഫെഡറേഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തിക്കൊണ്ട് സ്ഥിരമായ വിപണി ഇടപെടൽ നടത്തുന്നതിനും സാധിച്ചിട്ടുണ്ട്. സഹകരണ വകുപ്പ് കണ്ണൂരിൽ വച്ച് നടത്തിയ എട്ടാമത് സഹകരണ കോൺഗ്രസ്സിൽ ദേശീയ-അന്തർദ്ദേശീയ പ്രാധാന്യമുള്ള വിഷയങ്ങൾ സംബന്ധിച്ച് തീരുമാനങ്ങളെടുക്കുന്നതിനും കരട് സഹകരണ നയം തയ്യാറാക്കി അംഗീകാരത്തിനായി സർക്കാർ മുമ്പാകെ സമർപ്പിക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ 2018 മാർച്ച് മാസം കൊച്ചിയിൽ വച്ച് നടത്തിയ കൃതി അന്താരാഷ്ട്ര പുസ്തകോത്സവവും സാഹിത്യവിജ്ഞാനോത്സവവും ശ്രദ്ധേയമാക്കുന്നതിനും വകുപ്പ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ സംവിധാനം, ആഡിറ്റ് മോഡ്യൂൾ സജ്ജമാക്കൽ, ഇ-ഓഫീസ്, ബയോ മെട്രിക് അറ്റൻഡൻസ് തുടങ്ങിയവയുടെ ഘട്ടംഘട്ടമായ പ്രവർത്തനം നടത്തുന്നതിനും സാധിച്ചിട്ടുണ്ട്. കേരളത്തിന് ഹ്രസ്വകാല കാർഷിക വായ്പാ മേഖലയിൽ ദ്വിതല ഘടനയാണ്

ഉചിതമെന്ന് വിവിധ കമ്മിറ്റികളും കമ്മീഷനുകളും ശിപാർശ ചെയ്തിട്ടുണ്ട്. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ കേരളാ ബാങ്കിന് വളരെ പ്രസക്തിയുണ്ട്. സംസ്ഥാനത്തിന്റെ വൻകിട വികസന പദ്ധതികൾക്ക് എൻ.ആർ.ഐ. നിക്ഷേപമടക്കം സ്വീകരിച്ച് വിനിയോഗിക്കാൻ ഈ പദ്ധതി സഹായകരമാകും. ജില്ലാ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കുകളും തമ്മിൽ സംയോജിക്കുമ്പോൾ സഹകരണ ബാങ്കിംഗ് മേഖലയുടെ ശക്തി വർദ്ധിക്കും. ഉയർന്ന മൂലധനം, ഏകീകൃത സോഫ്റ്റ്‌വെയറിൽ അധിഷ്ഠിതമായ ആധുനിക ബാങ്കിംഗ് സൗകര്യം, സേവനങ്ങൾക്ക് ചാർജ് ഈടാക്കാതെയോ കുറഞ്ഞ ചാർജിലോ ഉപഭോക്താക്കൾക്ക് സേവനം എന്നിവയെല്ലാം സാധ്യമാക്കാനും പാവപ്പെട്ടവർക്കും ഗ്രാമീണ ജനതയ്ക്കും മെച്ചപ്പെട്ട സേവനം നൽകാനും സാധിക്കും. ബാങ്കിന്റെ ശക്തി വർദ്ധിക്കുമ്പോൾ എൻ.ആർ.ഐ. നിക്ഷേപം, ഫോറിൻ ബിസിനസ്, ഫോറിൻ കറൻസികളുടെ വിനിമയം എന്നിവയ്ക്ക് ആർ.ബി.ഐ.-യുടെ അനുമതി ലഭിക്കാൻ സാധ്യതയുണ്ട്. 2000 കോടി രൂപ ചെലവിൽ ഇഫ്ടാസ് മുഖാന്തരം ഏകീകൃത സോഫ്റ്റ്‌വെയർ ചെയ്യുന്നുവെന്നത് അടിസ്ഥാനരഹിതമായ ആരോപണമാണ്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ ഏർപ്പെടുത്തിയാൽ അതിന്റെ പ്രയോജനം സാധാരണ ജനങ്ങൾക്ക് ലഭിക്കുന്നതാണ്. 4600 സ്ഥാപനങ്ങൾ ഏകീകൃത സോഫ്റ്റ്‌വെയറിൽ വന്നാൽ കേരളം സഹകരണ ബാങ്കുകളുടെ

സേവനങ്ങളാൽ സമ്പന്നമാകും. ഇഫ്റ്റാസ് കമ്പനി ആർ.ബി.ഐ.-ക്ക് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ്. അവരുമായി ഇടപാട് നടന്നുവരുന്നതേയുള്ളൂ. ഏറ്റവും കുറഞ്ഞ നിരക്കിൽ പ്രവൃത്തി ചെയ്യണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. അതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഇഫ്റ്റാസ് കമ്പനിയുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം സുതാര്യമാണ്. നടപടിക്രമങ്ങൾ പൂർത്തീകരിച്ചശേഷം വിശദാംശങ്ങൾ സഭയെ അറിയിക്കുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് നടപടിക്രമങ്ങളൊന്നും പാലിക്കാതെ ഇഫ്റ്റാസ് എന്ന ഒരു സ്വകാര്യ കമ്പനിയെ ഏല്പിച്ചത് സംശയമുളവാക്കുന്നതാണ്. അതിന് മറുപടി പറയാൻ വകുപ്പുമന്ത്രി ബാദ്ധ്യസ്ഥനാണ്. ഡിമാൻഡ് ചർച്ചയുമായി ബന്ധപ്പെട്ട വിഷയത്തിൽ ഉന്നയിച്ച ചോദ്യത്തിന് മന്ത്രി മറുപടി പറയാൻ വിസമ്മതിക്കുന്നതിൽ പ്രതിഷേധിച്ച് ഞങ്ങൾ സഭാനടപടികൾ ബഹിഷ്കരിക്കുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭാനടപടികൾ ബഹിഷ്കരിച്ചു.)

പുതുതായി രൂപീകരിച്ച പന്ത്രണ്ട് താലൂക്കുകളിൽ എ.ആർ. ഓഫീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കും. സഹകരണ മേഖലയിൽ പ്രൊഫഷണലിസം നടപ്പിലാക്കും. പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളെ

ഏകീകൃത സോഫ്റ്റ്‌വെയറിൽ കൊണ്ടുവരുന്നതിനുള്ള നടപടി പുരോഗതിയിലാണ്. കാർഷിക മേഖലയ്ക്ക് സർക്കാർ മികച്ച സംഭാവന നൽകും. കാർഷിക വായ്പക്കാർക്ക് പരമാവധി ആനുകൂല്യം നൽകിക്കൊണ്ട് നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കി വരുന്നു. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കും. വേമ്പനാട് കായലിന്റെ മലിനീകരണവുമായി ബന്ധപ്പെട്ട് 'ക്ലീൻ വേമ്പനാട് ഇനിഷ്യേറ്റീവ്' എന്ന പദ്ധതി ഉത്തരവാദിത്വ ടൂറിസം മിഷനിലൂടെ നടപ്പിലാക്കാൻ തീരുമാനിച്ചു. ടൂറിസം മേഖലയിൽ ഗ്രീൻ പ്രോട്ടോകോൾ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കും. വനസംരക്ഷണ നിയമത്തിന്റെ പരിധിക്കുള്ളിൽനിന്നുകൊണ്ട് ടൂറിസം പദ്ധതികളുടെ സാധ്യത പരിശോധിക്കുന്നതിനും ഡി.റ്റി.പി.സി. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് പഠിച്ച് നിർദ്ദേശം സമർപ്പിക്കാൻ സമിതിയെ നിയമിക്കുന്നതിനും ടൂറിസ്റ്റുകളുടെ തിരക്കുമൂലം മൂന്നാറിലെ പ്രാദേശിക നിവാസികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കും. അഡ്വഞ്ചർ ടൂറിസം വികസനത്തിന് രൂപരേഖ തയ്യാറാക്കും. ലോകപ്രശസ്ത സാഹിത്യകാരന്മാർ പങ്കെടുക്കുന്ന പുസ്തകമേളകൾക്ക് ധനസഹായം നൽകുകയും ടൂറിസം മേഖലയിൽ പുതിയ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യും. തലശ്ശേരി മാതൃകയിൽ വയനാട്, കണ്ണൂർ ജില്ലകളിൽ പൈതൃക സംരക്ഷണ പദ്ധതി

നടപ്പിലാക്കുന്നതിനും നിശാഗന്ധി നൃത്തോൽസവത്തിന്റെ മാതൃകയിൽ ഈ വർഷം മുതൽ 'മൺസൂൺ രാഗാസ്' എന്ന പേരിൽ നിശാഗന്ധി ഗാനോത്സവം സംഘടിപ്പിക്കുന്നതിനും തിരുവനന്തപുരം ചാല കമ്പോളത്തെ കോഴിക്കോട് മിഠായിത്തെരുവ് മാതൃകയിൽ പൈതൃക ടൂറിസം കേന്ദ്രമാക്കി വികസിപ്പിക്കുന്നതിനും തൈക്കാട് ഗസ്റ്റ് ഹൗസിന് സമീപം ടൂറിസം ബിസിനസ് പാർക്ക് സ്ഥാപിക്കുന്നതിനും പത്തനംതിട്ട, പാലക്കാട്, വയനാട് ജില്ലകളിൽ ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനും ടൂറിസത്തിന്റെ ഗുണഫലങ്ങൾ തദ്ദേശീയർക്ക് ലഭ്യമാക്കിക്കൊണ്ട് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കും. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (<u>ശ്രീ. എം. എം. മണി</u>): വൈദ്യുതി രംഗത്തെ സ്വകാര്യവൽക്കരണത്തിനെതിരെ നടപടി സ്വീകരിക്കും. ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കുന്നതിനും മുടങ്ങിക്കിടക്കുന്ന ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പുനരാരംഭിക്കുന്നതിനും സോളർ വൈദ്യുതി രംഗത്തെ സാധ്യത പ്രയോജനപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കും. കൂടുതൽ വിൻഡ് മില്ലുകൾ സ്ഥാപിക്കുന്നതിനും നൂതന സാങ്കേതികവിദ്യയിലൂടെ പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടംകുളം വൈദ്യുതി ലൈൻ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. 21 പുതിയ വൈദ്യുതി

സബ്സ്റ്റേഷനുകൾ ഉദ്ഘാടനം ചെയ്തിട്ടുണ്ട്. കേടായ വൈദ്യുത മീറ്ററുകൾ മാറ്റിവയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തെത്തുടർന്ന് വൈദ്യുതി മേഖലയിലുണ്ടായ ബുദ്ധിമുട്ടുകൾ യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിക്കാൻ സാധിച്ചത് അഭിമാനകരമാണ്. പുതിയ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി വൈദ്യുതോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 3.22 -ന് പിരിഞ്ഞു.

******